കുടുംബശ്രീ പദ്ധതി

118 [894] ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതി ആരംഭിച്ച ശേഷമുള്ള ഓരോ വർഷവും ഓരോ ജില്ലയിലും എത്ര കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും ഓരോ ജില്ലയിലും ത്രിഫ്റ്റ് ഇനത്തിൽ ശേഖരിച്ച തുകയെത്ര;

(സി) ഓരോ വർഷവും ഓരോ ജില്ലയിലും ഗ്രേഡ് ചെയ്യപ്പെട്ട എത്ര കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടായിരുന്നുവെന്നും ആകെ എന്ത് തുക ഓരോ വർഷവും വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുത്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിശദാംശങ്ങൾ അനുബന്ധം †-ൽ ചേർത്തിരിക്കുന്നു.

(സി) ഗ്രേഡ് ചെയ്യപ്പെട്ട കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ †അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. ദേശസാൽകൃത ബാങ്കുകളും വാണിജ്യബാങ്കുകളും 7194.66 ലക്ഷം രൂപയും സഹകരണ ബാങ്കുകൾ 3460 ലക്ഷം രൂപയും വായ്പയായി ലഭ്യമാക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

119 [895] ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. കെ. മുഹമ്മദാലി :

„ കെ. ബാബു :

„ വർക്കല കഹാർ :

„ ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ബി) പ്രസ്തുത ആനുകൂല്യങ്ങളുടെ എത്ര ശതമാനം സബ്സിഡിയും എത്ര ശതമാനം തിരിച്ചടക്കേണ്ട വായ്പയുമാണ്;

(സി) പ്രസ്തുത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി നാമമാത്രമായതിനാൽ ഇതു വാങ്ങുന്ന മത്സ്യത്തൊഴിലാളികൾ ബാക്കി തുകയടയ്ക്കാൻ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി അൻപതു ശതമാനമായി വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ;

(ഇ) ഈ വർഷം നൽകേണ്ടതായ ഇത്തരം ആനുകൂല്യങ്ങൾക്കുള്ള തുകയ്ക്ക് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നോ;

(എഫ്) ഈ വർഷം പ്രസ്തുത ഇനത്തിൽ നൽകേണ്ട തുകയ്ക്ക് ഉടനടി അംഗീകാരം നൽകുവാൻ ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുക, മറ്റു ജീവിത അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, മത്സ്യക്കച്ചവടം, മത്സ്യവിപണനം എന്നിവയ്ക്ക് ആവശ്യമായ ധനസഹായം തദ്ദേശ ഭരണസ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പും മത്സ്യഫെഡും നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്കുകളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളും നൽകിവരുന്നത്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) പ്രോജക്ടുകൾക്ക് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയാണ് അംഗീകാരം നൽകുന്നത്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

ആഹാര സാധനങ്ങളിൽ മായം ചേർത്തതായുള്ള കേസുകൾ

120 [896] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ൽ മായം ചേർക്കൽ നിയമപ്രകാരം മായം കലർന്നതായി സംശയിച്ച എത്ര സാമ്പിളുകൾ ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇങ്ങനെ ശേഖരിക്കപ്പെട്ട സാമ്പിളുകളിൽ എത്ര എണ്ണത്തിൽ മായം കലർന്നതായി പരിശോധനാഫലം ലഭിച്ചിട്ടുണ്ട് ;

(സി) ഇവയിൽ എത്ര കേസുകൾ കോടതിക്കുമുൻപാകെ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly